"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോട്ടയം ജില്ലയിലെ പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലങ്ങളിലെ 26-ാം മൈൽ പാലം പുനർനിർമ്മാണം- പുതുക്കിയ ഭരണാനുമതി, പ്രത്യേക അനുമതി എന്നിവ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.849/2024/PWD തീയതി,തിരുവനന്തപുരം, 24-08-2024

പരാമർശം:-

1. 30.03.2022 തീയതിയിലെ സ.ഉ.(സാധാ) നം.341/2022/പൊ.മ.വ.
2. 27.03.2023 തീയതിയിലെ സ.ഉ.(സാധാ) നം.373/2023/പൊ.മ.വ.
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 26.11.2023 തീയതിയിലെ CEPWD/12833/2021-AB1-BR നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലങ്ങളിലെ 26ാം മൈൽ പാലം പുനർനിർമ്മാണ പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 273.70 ലക്ഷം രൂപയുടെ ഭരണാനുമതിയും, പരാമർശം (2) പ്രകാരം 290.40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവ്ൃത്തിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 80,40,000/- രൂപ കൂടി ഉൾപ്പെടുത്തി 370.20 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും, പ്രത്യേക അനുമതിയും 5054-04-101-99-00-16 MDR എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനിയർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലങ്ങളിലെ 26ാം മൈൽ പാലം പുനർനിർമ്മാണത്തിനായി 370.20 ലക്ഷം രൂപയുടെ (including LA cost of Rs. 80,40,000) പുതുക്കിയ ഭരണാനുമതിയും പ്രത്യേക അനുമതിയും; സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി 5054-04-101-99-00-16 MDR എന്ന ശീർഷകത്തിൽ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം
ജില്ലാ കളക്ടർ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Vide No.I&PW-B1/212/2021-Fin.(E 1842903) )
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / D1/589/2023-PWD

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 24-08-2024 14:42:39
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ- യ്ക്ക്